 PDF By mullookkaaran@gmail.com

# ലവ് ജിഹാദ്

കരിപിടിച്ച മോന്തായമാകെ മാറാല കെട്ടിയിരിയ്ക്കുന്നു. ഒരു ചെറിയ ചിലന്തി ഇനിയുമൊരു വല നെയ്യാനായി പൂതലിച്ച മോന്തായത്തിൽ നിന്നും അടുത്ത കഴുക്കോലിലേയ്ക്ക് ചാടി. ചിലന്തി ചാടിയ വഴികളിലൂടെ തിളങ്ങുന്ന നൂൽ തെളിഞ്ഞു വന്നു. ഇടയ്ക്കിടെ പൊട്ടിയ ഓടിനിടയിൽ കൂടി നേരിയ സന്ധ്യാവെളിച്ചം അരിച്ചിറങ്ങുന്നുണ്ട്. ഓടുകൾക്കും മോന്തായത്തിനും താഴെ, അനങ്ങുമ്പോൾ കര കര ശബ്ദം പൊഴിയ്ക്കുന്ന പഴയ കട്ടിലിൽ ഇന്ദുലേഖ മുഖം കുനിച്ചിരുന്നു. തിളങ്ങുന്ന ഗിൽറ്റുള്ള പുതിയ ചുരിദാറിൽ അവളൊരു അപ്സരസു പോലെ തോന്നി. താഴേയ്ക്കുന്നിയ കണ്ണുകളിൽ അപരിചിതത്വവും പേടിയും നിഴൽ വിരിച്ചു നിന്നു. പൊട്ടിയ സിമന്റ് തറയിലൂടെ ചെറിയ നെയ്യുറുമ്പുകൾ എന്തെല്ലാമോ തേടി ഉഴറി നടക്കുന്നുണ്ട്. തേയ്ക്കാത്ത വെട്ടുകല്ലു കെട്ടിയ ചുമരിൽ അറുപതു വാട്സിന്റെ പുക പിടിച്ച ബൾബ് നിറം മങ്ങി കത്തുന്നു. ആ പ്രകാശത്തിൽ അവളുടെ കവിളിൽ കൂടി ചാലിട്ടൊഴുകിയ കണ്ണീർ തിളങ്ങി. മുഹമ്മദ് റഫീക്കിനതു കണ്ടപ്പോൾ സഹിച്ചില്ല. അവൻ മുന്നോട്ടാഞ്ഞ് ആ കണ്ണീർ തുടച്ചു കളഞ്ഞു.

“ഇന്ദു നീയിപ്പൊഴും കരയുകയാണോ? എത്ര നേരമായി. ഇനിയെങ്കിലും ഒന്നു സന്തോഷമായിരിയ്ക്ക്.“

അവൾ മുഖമുയർത്തുകയോ ഒരക്ഷരം മിണ്ടുകയോ ചെയ്തില്ല. റഫീക്കിനറിയാം അവളുടെ വിഷമം. വളർന്ന വീടും വളർത്തിയ അച്ഛനെയും അമ്മയെയും വിട്ട് തന്നോടൊപ്പം വന്നതാണവൾ . സാമാന്യം നല്ല വീട്ടിൽ വളർന്നവൾ .ഇപ്പോൾ ഇവിടെ ഈ പഴയ, പാറ്റയും പഴുതാരയുമിഴയുന്ന വാടകവീട്ടിൽ ഇങ്ങനെ ഒറ്റയ്ക്കിരിയ്ക്കേണ്ടി വരുന്നതിൽ സങ്കടമില്ലാതിരിയ്ക്കില്ല. തന്റെയും സ്ഥിതി അതു തന്നെയാണല്ലോ?

ഇന്ദുവിനെക്കാൾ കാശുള്ള തറവാട്ടിലെ മൂന്നാണ്മക്കളിൽ ഇളയവൻ .ഒന്നിനും ഒരു കുറവുമറിയാതെ വളർന്നു. മൂന്നുവർഷത്തെ കോളേജ് ജീവിതം, കണ്ട പലമുഖങ്ങളിൽ മനസ്സിലുടക്കിയ ഇന്ദുവിന്റെ മുഖം, രണ്ടു വർഷത്തെ പ്രണയം, ഒന്നിച്ചു ജീവിയ്ക്കാനുള്ള തീരുമാനം, വീട്ടുകാർ എതിർക്കുമെന്നറിയുന്നതു കൊണ്ട് തന്നെ അവരറിയാതെ രജിസ്റ്റർ വിവാഹം, കൂട്ടുകാരുടെ സഹായം, ഇപ്പോൾ ഒരു വാടക വീട്ടിൽ ആദ്യത്തെ ഒന്നിച്ചുള്ള ദിനം. ശരിയ്ക്കും ഒരു കൊമേഴ്സ്യൽ കുടുംബചിത്രത്തിന്റെ തിരക്കഥയുടെ ആദ്യഭാഗം.

“നീ വിഷമിയ്ക്കാതിരി നമ്മുടെ വീട്ടുകാർ കാര്യമറിയുമ്പോൾ ആദ്യമൊന്നു പൊട്ടിത്തെറിയ്ക്കും. പിന്നെ അതൊക്കെ അടങ്ങിക്കോളും. സാവകാശം എല്ലാം മറന്ന് നമ്മളെ അംഗീകരിക്കും. ഇതൊക്കെ എത്രയെത്ര സ്ഥലത്തു കണ്ടിരിയ്ക്കുന്നു. ദേ.. ഇനി ഇങ്ങോട്ടു നോക്കിയേ.. ഞാനൊന്നു വൃത്തിയായി കാണട്ടെ”.

റഫീക്ക് അവളുടെ സുന്ദരമായ മുഖം പിടിച്ച് തന്റെ നേരെ ഉയർത്തി. ഇന്ദുവിന്റെ കണ്ണുകൾ പാതിയടഞ്ഞിരുന്നു. അവൻ വാതിക്കലേയ്ക്ക് നോക്കി കതക് അടച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തി. പിന്നെ മൃദുവായ ആ കവിളിൽ പതുക്കെ തലോടി. നേരിയ മിനുത്ത രോമങ്ങളുള്ള ആ മേൽച്ചുണ്ടും നനവാർന്ന കീഴ്ച്ചുണ്ടും  വിറയ്ക്കുന്ന വിരലാൽ സ്പർശിച്ചു. പിന്നെ ആ മുഖത്തോടു മുഖം ചേർത്തു..

Bijukumar Alakode

നഗരത്തിൽ കുറെ വിട്ടാണ് റഫീക്കിന്റെ സുഹൃത്തുക്കൾ ഈ വീട് അവർക്കായി കണ്ടെത്തിയത്. അമ്പലവും പള്ളിയുമെല്ലാമുള്ള ഒരു സാധാരണ ഗ്രാമം. ആദ്യത്തെ രണ്ടു ദിവസം എന്തെങ്കിലും കാര്യമായ പൊട്ടിത്തെറി പ്രതീക്ഷിച്ചിരുന്നു റഫീക്കും ഇന്ദുലേഖയും. ഒന്നുകിൽ റഫീക്കിന്റെ വീട്ടുകാർ അല്ലെങ്കിൽ ഇന്ദുവിന്റെ വീട്ടുകാർ , ആരുടെ ഭാഗത്തു നിന്നായിരിയ്ക്കും തുടക്കം? ഏതുസമയവും മുറ്റത്തൊരു പോലീസ് ജീപ്പിന്റെ ശബ്ദം കാത്തുവച്ചിരുന്നു. ഇന്ദു വിനെ ഒറ്റയ്ക്കാക്കിയിട്ട്  പുറത്തേയ്ക്കിറങ്ങാൻ തന്നെ റഫീക്കിനു പേടിയാണ്. മൊബൈൽ വഴി കൂട്ടുകാരോട് തിരക്കിക്കൊണ്ടിരുന്നു, വീട്ടുകാരുടെ പ്രതികരണം.

ഒരാഴ്ച കഴിഞ്ഞിട്ടും യാതൊന്നുമുണ്ടായില്ല. കൂട്ടുകാർ വഴി കാര്യങ്ങളറിഞ്ഞ ഇന്ദുവിന്റെ വീട്ടുകാർ “ഞങ്ങൾക്കങ്ങനെ ഒരു മകളില്ല, അവളായി അവളുടെ പാടായി“ എന്നു പറഞ്ഞ് കൈയൊഴിഞ്ഞത്രേ!

“എന്റെ സ്വത്തിൽ അവനു യാതൊരു അവകാശവുമില്ല“ എന്നു പറഞ്ഞ് റഫീക്കിന്റെ ബാപ്പാ അഹമ്മദാജിയും കൈയൊഴിഞ്ഞു! വലിയൊരു ഭൂകമ്പം പ്രതീക്ഷിച്ചിരുന്ന റഫീക്കിനും ഇന്ദുവിനും ആശ്വാസവും അതോടൊപ്പം അൽഭുതവും തോന്നി. തങ്ങൾ പോയതിൽ ആശ്വസിയ്ക്കുകയാണോ അവരൊക്കെ?

വിദ്യാഭ്യാസവും വിവേകവും അതിന്റെ ശരിയായ അർത്ഥത്തിൽ ഉൾകൊണ്ടിരുന്നവരാണ് റഫീക്കും ഇന്ദുവും.  എല്ലായ്പ്പോഴും രണ്ടുപേരുംപരസ്പരം അംഗീകരിയ്ക്കും എന്നൊരു സമ്മതം വിവാഹത്തിനുമുൻപേ  കൈമാറിയിരുന്നു. അതായത് ഇന്ദുവിന് ഇന്ദുവായി തന്നെ തുടരാം. തീർച്ചയായും അതാണല്ലോ യഥാർത്ഥ സ്നേഹം.

അവിടുത്തെ ആദ്യവെള്ളിയാഴ്ച തന്നെ റഫീക്ക് അടുത്തുള്ള പള്ളിയിൽ ജുമാ നിസ്കാരത്തിനു പോയി. ചെറുപ്പത്തിലേ ഉള്ള ശീലാമാണ്. പിന്നെ, മറ്റൊരു നാട്ടിൽ താമസിയ്ക്കുമ്പോൾ നാട്ടുകാരുമായി ബന്ധങ്ങൾ ആവശ്യമാണല്ലോ. ധാരാളം പേരെ കാണാനും ചിലരെയൊക്കെ പരിചയപ്പെടാനും പറ്റി. ഖത്തീബിനെ വീട്ടിലേയ്ക്കു ക്ഷണിയ്ക്കുകയും ചെയ്തു. ഇങ്ങനെയൊക്കെയാണല്ലോ ബന്ധങ്ങൾ ഉണ്ടാക്കുന്നത്.

കുറച്ച് കാശും സ്വർണ്ണവും കരുതിയത് ഉണ്ട്. തൽക്കാലത്തേയ്ക്ക് പിടിച്ചു നിൽക്കാൻ അതു മതിയാകും. ഒരു ജോലി സംഘടിപ്പിയ്ക്കണം. കുറെ നാളത്തേയ്ക്ക് എങ്ങനെയെങ്കിലും പിടിച്ചു നിൽക്കണം. എന്നിട്ടു വേണം ബാപ്പയുടെ മുൻപിലെത്താൻ .ഇന്ദുവും നല്ല കഴിവുള്ള കുട്ടിയാണ്. എന്തെങ്കിലും ജോലി അവൾക്കും കിട്ടാതിരിയ്ക്കില്ല. എന്തായാലും ഉടനെ ഒരു കുട്ടി വേണ്ടാ. അതൊക്കെ കാര്യങ്ങളെല്ലാം ഒരു കരയ്ക്കെത്തിയിട്ട്.

അടുത്ത ദിവസം  വൈകുന്നേരം തന്നെ ഖത്തീബ് വാക്കു പാലിച്ചു. ആ ചെറിയ വീടിന്റെ മതിൽ കടന്ന് കയറി വന്നു.

“അസ്സലാമു അലൈക്കും”. ഖത്തീബിനൊപ്പം മൂന്നാലു പേരുമുണ്ട്.

“വ അലൈക്കുമുസലാം.. വരൂ. ദാ ഇവിടെ ഇരിയ്ക്കാം. സൗകര്യങ്ങളൊന്നുമില്ല..” റഫീക്ക് ഉള്ള സൗകര്യത്തിൽ എല്ലാവരെയും ഇരുത്തി.

“അല്ലാ റഫീക്കെ, ഞാൻ നിന്നെക്കുറിച്ച് കുറെ അറിഞ്ഞിരിയ്ക്കുന്നു. നീ ടൌണിലെ അഹമ്മാദാജിയുടെ മകനാല്ലേ..?“ ഖത്തീബിന്റെ ചോദ്യം.

“അതേ..”

“എന്നിട്ടാ നീയീ പരിപാടി കാട്ടിയെ ? നിനക്ക് നെലേം വെലയുമുള്ള ഒരു കുടുംബത്തീന്ന് പെണ്ണു കിട്ടില്ലായിരുന്നോ? അന്യമതത്തീന്നു തന്നെ വേണമായിരുന്നൊ?”

“അതു പിന്നെ...” റഫീക്കിന് എന്താണു പറയേണ്ടതെന്ന് വായിൽ വന്നില്ല.

“ഏതായാലും കഴിഞ്ഞതു കഴിഞ്ഞു..എനീപ്പോ പറഞ്ഞിട്ടു കാര്യല്ല. ഓളെങ്ങനെ ? നല്ല തരക്കാരിയാണൊ ?”

“ഇന്ദൂ.. ചായ കൊണ്ടു വരൂ..” റഫീക്ക് വാതിൽക്കൽ നിന്ന് ശബ്ദം താഴ്ത്തി പറഞ്ഞു.

അല്പസമയത്തിനകം ഒരു ട്രേയിൽ എല്ലാവർക്കുമുള്ള ചായയുമായി ഇന്ദു അങ്ങോട്ടേക്കു വന്നു. റഫീക്ക് ട്രേ കൈയിൽ വാങ്ങി. ഇന്ദുവിന്റെ മുഖത്തേക്കു നോക്കിയതും വന്നുകയറിയവരുടെ മുഖം മഴക്കാർ പോലെ ഇരുണ്ടു. റഫീക്ക് ട്രേയിൽ നിന്നും ചായ ഓരോരുത്തർക്കായി എടുത്തു കൊടുത്തു. വീർത്തുകെട്ടിയ മുഖത്തോടെയാണ് എല്ലാവരും അതു മേടിച്ചത്. അവനൊന്നും മനസ്സിലായില്ല. എന്തു പറ്റി, വന്നവർക്ക്  ഇഷ്ടക്കേടുണ്ടാകാൻ ..?

ആരും അധികമൊന്നും സംസാരിച്ചില്ല. ചായ കുടിച്ചെന്നു വരുത്തി എല്ലാവരുമെഴുന്നേറ്റു.

“റഫീക്ക് നീയിങ്ങോട്ടു വന്നേ..”

ഖത്തീബ് റഫീക്കിനെ ഒരു ഭാഗത്തേയ്ക്കു മാറ്റി നിർത്തി കുറെ സംസാരിച്ചു. എന്നിട്ട് എല്ലാവരും പോകുകയും ചെയ്തു.ഇന്ദുവിനും എന്തോ പന്തികേട് മണത്തു. വന്നവർ പോയിട്ടും റഫീക്കിന്റെ മുഖത്തെ ഭാരമൊഴിഞ്ഞിട്ടില്ല. അവനാകെ വിമ്മിഷ്ടപ്പെടുന്നതു പോലെ തോന്നി.

“എന്താ റഫീക്ക്? എന്തു പറ്റി? അവരെന്താ പറഞ്ഞത്?”

“അതു പിന്നെ..വിവരമില്ലാത്തവന്മാര്..ഇതൊക്കെ ഓരോരുത്തരുടെ വ്യക്തിപരമായ കാര്യങ്ങളല്ലേ..”

“എന്താ കാര്യമെന്നുവെച്ചാൽ പറയൂ റഫീക്ക്..”

“അല്ലാ നിന്റെ നെറ്റിയിലെ പൊട്ട് കണ്ടപ്പോൾ അവർക്കെന്തോ ഒരിതു പോലെ..ഞങ്ങടെ പെണ്ണുങ്ങൾ പൊട്ടു തൊടില്ലല്ലോ..”

Bijukumar Alakode

“ഓ..അതാണൊ കാര്യം. നെറുകയിലെ ഈ  പൊട്ട് എന്റെ വലിയ ആഗ്രഹമാ. വീട്ടിൽ അമ്മയെപ്പോഴും ഇതു ചാർത്തും. സുമംഗലികളുടെ അവകാശമാണിത്. ഞാൻ പണ്ടേ തീരുമാനിച്ചതാ എന്റെ കല്യാണശേഷം എന്നും ഇതണിഞ്ഞു നടക്കണമെന്ന്..”

“അതിനെന്താ..നീ പൂശിക്കോ..അവരുടെ കാര്യം നമ്മളെന്തിനാ നോക്കുന്നേ..?”

ദിവസങ്ങൾ മുന്നോട്ടു നീങ്ങുംതോറും ആ ഗ്രാമം അവരെ കൂടുതൽ മനസ്സിലാക്കി. അവർ ഗ്രാമത്തെയും. അവിടുത്തെ ശിവക്ഷേത്രം ഗ്രാമത്തിന്റെ ഐശ്വര്യമായിരുന്നു. ആ ഞായറാഴ്ച ഇന്ദുവിന് അവിടെ തൊഴുവാൻ വലിയ ആശ. ആവട്ടെ, റഫീക്ക് എതിർത്തില്ല. എന്നാൽ അവൻ വരില്ല. ഇന്ദുവിന് വേണമെങ്കിൽ തനിയെ പോയ്ക്കോളൂ.

ക്ഷേത്ര മതിൽകെട്ടിലേയ്ക്ക് കാലെടുത്തു വെച്ചതും പിന്നിലൊരു ശബ്ദം.

“അതേയ് ഒന്നവിടെ നിൽക്കൂ..കയറാൻ വരട്ടെ..”

ഇന്ദു ഞെട്ടലോടെ മുഖം തിരിച്ചു. പിന്നിൽ അഞ്ചെട്ടു ചെറുപ്പക്കാർ . കാവിമുണ്ടുടുത്ത, നെറ്റിയിൽ കുങ്കുമകുറി വരച്ച കൈയിൽ രക്ഷ കെട്ടിയ കരുത്തന്മാർ . അവർ അടുത്തേയ്ക്കു വന്നു.

“എവിടേയ്ക്കാ ഇത്ര തിരക്കിട്ടു പോണത്? അവിടെ ബോർഡു കണ്ടില്ലെ? അഹിന്ദുക്കൾക്കു പ്രവേശനമില്ല..!”

“അതിനു..ഞാൻ  ..ഹിന്ദു.....”

“ഫ്ഭ!..നീ ഹിന്ദുവോ..കണ്ട തുലുക്കനെ കെട്ടിയ നീയെങ്ങനെയാടീ ഹിന്ദുവാകുന്നത്..?”

നിൽക്കുന്നിടം താണുപോകുന്ന പോലെ ഇന്ദുവിനു തോന്നി. ജീവിതത്തിലിതേ വരെ ഇങ്ങനെയൊരു അധിക്ഷേപം അനുഭവിച്ചിട്ടില്ല. അവൾ ജീവച്ഛവം പോലെ നിന്നു.

“ഈ നാട്ടിലൊന്നും ഹിന്ദുക്കളില്ലാഞ്ഞല്ലേ.. നീ തുലുക്കന്റെ പുറകേ പോയത്?.. ഒന്നു കാണണം നീയവനേം കൊണ്ടിവിടെ പൊറുക്കുന്നത്..”

കൂടുതൽ കേൾക്കാൻ നിൽകാതെ അവളോടി. കാര്യങ്ങളറിഞ്ഞപ്പോൾ റഫീക്കവളെ സമാധാനിപ്പിച്ചു.

“സാരമില്ല..ഇന്ദു. അതു വിവരമില്ലാത്ത മറ്റൊരു കൂട്ടർ.. നീ വിഷമിയ്ക്കാതെ“.

ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലും ഒരു നേരിയ ഭയം റഫീക്കിന്റെ ഉള്ളിൽ വലകെട്ടി. പ്രതീക്ഷിയ്ക്കാത്ത എന്തൊക്കെയോ വരാൻ പോകുന്ന പോലെ.വെള്ളിയാഴ്ച ജുമാ നമസ്കാരത്തിനു പള്ളിയിലെത്തിയ റഫീക്കിനെ നാലഞ്ചു ചെറുപ്പക്കാർ വളഞ്ഞു.

“വരൂ ഒരു കാര്യം പറയാനുണ്ട്. നിങ്ങൾ ആരെ വേണമെങ്കിലും കെട്ടിയ്ക്കോ..കെട്ടിക്കഴിഞ്ഞാൽ അവൾ ദീനിയായിരിയ്ക്കണം. മനസ്സിലാകുന്നുണ്ടോ?”

“അല്ല..സുഹൃത്തുക്കളേ..എന്തായിത്? ഞാനൊരു മുസ്ലീം ആണ്. ഞാൻ നിസ്കരിയ്ക്കുന്നു, പള്ളിയിൽ വരുന്നു. എന്റെ ഭാര്യ ഹിന്ദു മതത്തിൽ ജനിച്ചവളാണ്. അവൾക്കിഷ്ടമുണ്ടെങ്കിൽ മുസ്ലീമാവട്ടെ. ഞാനായിട്ട് നിർബന്ധിയ്ക്കില്ല. ഇത് നിങ്ങളെന്തിനാണ് പ്രശ്നമാക്കുന്നത്?”

“ആഹാ..ഒരു മുസ്ലീമായ നിങ്ങൾ തന്നെ ഇങ്ങനെ പറയണം.  മുസ്ലീമിന് ഒരു കാഫിറിനെ ഭാര്യയായി വച്ചുകൊണ്ടിരിയ്ക്കാൻ പാടില്ലാന്ന് നിങ്ങൾക്കറിയില്ലേ..ചെറുപ്പത്തിൽ മദ്രസയിൽ പോയിട്ടില്ലേ..?”

“അതൊക്കെ എനിക്കറിയാം. പക്ഷേ ഇതൊക്കെ ഇവിടെ സംസാരിയ്ക്കുന്നതെന്തിനാ?”

“പിന്നെവിടാടാ സംസാരിയ്ക്കേണ്ടത്? നീ ഞങ്ങളെ പഠിപ്പിയ്ക്കാനാ ഭാവം? കുറീം തൊട്ടോണ്ട് നിന്റെ ഭാര്യ ഇതിലെ നടക്കില്ല. മനസ്സിലായോ?”

Bijukumar Alakode

അവരുടെ സംസാരത്തിൽ വന്ന മാറ്റം കണ്ട് റഫീക്ക് ഞെട്ടിപ്പോയി. ഒന്നും മിണ്ടാനാവാതെ അവൻ നിന്നു. അപ്പോൾ ആ ബഹളം കേട്ട് ഖത്തീബ് അങ്ങോട്ടു വന്നു.

“എന്താ പ്രശ്നം? ആഹാ നീയോ..എന്താടോ റഫീക്കെ?”

റഫീക്ക് ദയനീയമായി ഖത്തീബിനെ നോക്കി. ഖത്തീബ് അവനെ ഒരു ഭാഗത്തേയ്ക്ക് മാറ്റി നിർത്തി. എന്നിട്ടു മറ്റുള്ളവരോടായി പറഞ്ഞു:

“ഇവൻ ഇവിടെ നിസ്കരിയ്ക്കാൻ വന്നതാണ്. അവൻ മുസ്ലീമുമാണ്. മറ്റു കാര്യങ്ങളൊന്നും ഇവിടെ സംസാരിയ്ക്കണ്ട. മനസ്സിലായോ?”

“ഖത്തീബ് അവനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കോണം. ഒരു മുസ്ലീമിന്റെ ഭാര്യ അന്യമതക്കാരിയായി ഈ നാട്ടിൽ നടക്കാൻ പറ്റില്ല”

“ങ്ങാ.. അതൊക്കെ ഞാൻ പറഞ്ഞോളാം.. നിങ്ങളു പോയാട്ടെ..” ഖത്തീബ് അവരെ പറഞ്ഞയച്ചു.

“മോനെ റഫീക്കെ, നീയായിട്ട്‌വ്ടെ കൊഴപ്പം ഉണ്ടാക്കല്ല്. പടച്ചോനും നബിയും പറഞ്ഞ കാര്യങ്ങളൊന്നുമല്ല ഇവിടെ നടക്കുന്നത്. എനിക്കിത്രയേ പറയാനുള്ളൂ..” ഖത്തീബ് പള്ളിയിലേയ്ക്ക് കയറിപ്പോയി.

അന്നു രാത്രി മുഖത്തോടു മുഖം നോക്കിയിരിയ്ക്കേ റഫീക്കിനും ഇന്ദുലേഖയ്ക്കും കാര്യങ്ങളുടെ പോക്ക് ഏറെക്കുറെ മനസ്സിലായി. അരണ്ട ബൾബ് വെളിച്ചത്തിൽ ഇന്ദുവിന്റെ മേൽനെറ്റിയിലെ ചുവന്ന കുങ്കുമപൊട്ട് തന്റെ കണ്ണുകളെ കുത്തി നോവിയ്ക്കുന്നതു പോലെ അവനു തോന്നി. ഇന്നലെ വരെ അത് അവിടുള്ള കാര്യം ശ്രദ്ധിച്ചതേയില്ല. കനത്ത നിശബ്ദത ചെവിയിൽ ഒരു വണ്ടിനെപോലെ മൂളിക്കൊണ്ടിരുന്നു.

“ഇന്ദു..നിനക്ക് മുസ്ലീമായിക്കൂടെ..?” റഫീക്കറിയാതെ ആ വാക്കുകൾ വെളിയിൽ ചാടി.

അവൾ തറച്ചു നോക്കി. അവന്റെ കണ്ണുകൾ താഴ്ന്നു.

“ഓഹോ..ഇതാണല്ലേ പരസ്പരം അംഗീകരിയ്ക്കുമെന്ന വാക്ക്? ഞാൻ നിങ്ങളെയാണ് ഇഷ്ടപ്പെട്ടത്, നിങ്ങളുടെ മതത്തെയല്ല..”

“എനിയ്ക്കറിയാം ഇന്ദു. നീ നോക്ക് എന്തെല്ലാം പ്രശ്നങ്ങളാ.. നമുക്കിവിടെ എങ്ങനെ സമാധാനത്തോടെ കഴിയാൻ പറ്റും? നീ പുറമേയ്ക്കെങ്കിലും അങ്ങനെയൊരു വേഷം കെട്ട്..മതം മാറുകയൊന്നും വേണ്ട..”

“എന്തിനാ? ആരെ പേടിച്ചിട്ടാ..? ഞാൻ മതം മാറിയാൽ കൊല്ലാൻ വേറൊരു കൂട്ടരില്ലേ.. അവരോടെന്തു പറയും? അല്ലെങ്കിൽ റഫീക്ക് ഹിന്ദുവാകുമോ? ”

റഫീക്കിന് ഒന്നും പറയാനുണ്ടായിരുന്നില്ല. അവൻ ഒന്നും മിണ്ടാതെ കട്ടിലിലേയ്ക്ക് ചാഞ്ഞു കിടന്നു.

പിറ്റേന്നു രാവിലെ അവൻ പോലീസ് സ്റ്റേഷനിലേയ്ക്കു പോയി. വെള്ളക്കടലാസിൽ എഴുതിയ പരാതി എസ്.ഐ. ഓടിച്ചു വായിച്ചിട്ട് റഫീക്കിന്റെ മുഖത്തേക്കു നോക്കി.

“സുഹൃത്തേ തന്റെ പ്രശ്നം എനിയ്ക്കു മനസ്സിലായി. ഇക്കാര്യത്തിൽ എനിയ്ക്കെന്തു ചെയ്യാൻ പറ്റും? വേണമെങ്കിൽ നിങ്ങളീപറഞ്ഞ ആൾക്കാർക്കെതിരെ ഞാൻ കേസെടുക്കാം. പക്ഷെ അതുകൊണ്ടെന്തു കാര്യം? പിന്നെ നിങ്ങൾക്കവിടെ താമസിയ്ക്കാൻ പറ്റുമോ? പോലീസിനെപ്പൊഴും നിങ്ങൾക്കു കാവലിരിയ്ക്കാൻ പറ്റില്ല. അതുകൊണ്ട് എന്താ വേണ്ടതെന്നു ആലോചിയ്ക്ക്. അല്ല അറിയാൻ വയ്യാഞ്ഞിട്ട് ചോദിക്കുവാ, നിനയ്ക്ക് സ്വന്തം സമുദായത്തിൽ നിന്നും കൊള്ളാവുന്ന ബന്ധമൊന്നും കിട്ടിയില്ലേ?”

റഫീക്ക് നിശ്ശബ്ദനായി താഴേയ്ക്ക് നോക്കി നിന്നു.

“സുഹൃത്തേ നിന്നെ വിഷമിപ്പിയ്ക്കാൻ പറഞ്ഞതല്ല. ഇതാണ് ഇവിടുത്തെ സാഹചര്യം. ആദർശങ്ങൾ പറയാനെളുപ്പമാണ്. നടപ്പാക്കാനാണ് വിഷമം. ഞാനെന്താ ചെയ്യേണ്ടത്? കേസെടുക്കണോ വേണ്ടയോ?”

ഒന്നും മിണ്ടാതെ പരാതിക്കടലാസ് തിരികെ മേടിച്ച് റഫീക്ക് ഇറങ്ങിപ്പോന്നു.

പിറ്റേന്ന് പല ചുവരുകളിലും പോസ്റ്ററുകൾ പതിഞ്ഞു:

Bijukumar Alakode

“ഹിന്ദു പെൺകുട്ടികളെ മതം മാറ്റാനുള്ള ഗൂഢതന്ത്രം. ലവ് ജിഹാദ്. ലവ് ജിഹാദികളെ ഒറ്റപ്പെടുത്തുക”.

റഫീക്കിന് ഭയം കൊണ്ട് പുറത്തിറങ്ങാനായില്ല. ഇന്ദുവിനുമതേ.എന്തൊക്കെയാണ് തങ്ങൾക്കു ചുറ്റും സംഭവിയ്ക്കുന്നതെന്നവർക്ക് മനസ്സിലായില്ല. പുറത്ത് റോഡിൽ അപരിചിത മുഖങ്ങൾ തെളിഞ്ഞുവരാൻ തുടങ്ങി. ആരൊക്കെയോ ആ കൊച്ചു വീട്ടിലേയ്ക്ക് തുറിച്ചു നോക്കിക്കൊണ്ട് അടക്കം പറഞ്ഞു. മരണത്തിന്റെ കറുത്ത ഗന്ധം വായുവിലെങ്ങും അലിഞ്ഞിരിയ്ക്കുന്നതു പോലെ അവർക്കു തോന്നി. മുന്നിലെ അഗാധ ഗർത്തത്തിലേയ്ക്ക് നോക്കിയപ്പോൾ കാൽച്ചുവട്ടിൽ നിന്നും ഒരു പെരുപ്പ് ഉച്ചിയിലേയ്ക്ക് പ്രവഹിച്ചു. ചുറ്റിനിന്നും മുറുകി വരുന്ന കെണി. അതു തങ്ങളെ ഞെരിച്ചമർത്താൻ തുടങ്ങിയിരിയ്ക്കുന്നു. കട്ടിലിൽ കുനിഞ്ഞിരുന്ന് നിശബ്ദം അവർ തേങ്ങി.

"റഫീക്ക്..എനിയ്ക്കിതു താങ്ങാൻ പറ്റുന്നില്ല.. എന്താണ് നമ്മൾ ചെയ്യുക? നമുക്ക് മറ്റെവിടേയ്ക്കെങ്കിലും പോകാം..”

ഇന്ദു അവന്റെ തോളിൽ കൈ വച്ചു.

“ഒരു കാര്യവുമില്ല ഇന്ദു. നാമെവിടെ പോയാലും ഇതു നമ്മളെ പിന്തുടരും..ഇനി മുതൽ അവരുടെ കണ്ണുകൾ നമ്മെ പിന്തുടർന്നു കൊണ്ടേയിരിയ്ക്കും. നിനക്ക് ഇന്ദുവായിരുന്നുകൊണ്ട് എന്റെ ഭാര്യയായി തുടരാനാവില്ല. നമ്മൾ പ്രണയിച്ചപ്പോഴൊന്നും നമ്മുടെ മതത്തെക്കുറിച്ച് ചിന്തിച്ചില്ല. അതൊരു വലിയ മണ്ടത്തരമായിപ്പോയോ?” അവൾ അവന്റെ കണ്ണുകളിലേയ്ക്കുറ്റു നോക്കി.

“പറയൂ ഞാനെന്തു ചെയ്യണം? മതം മാറണമോ?”

“അതുകൊണ്ടു കാര്യമില്ല ഇന്ദു..അവിടെയും പ്രശ്നങ്ങൾ അവസാനിയ്ക്കില്ല. കൂടുതൽ സങ്കീർണമാവുകയേ ഒള്ളൂ. നമുക്കൊരു കുഞ്ഞുണ്ടായാൽ അത് ഹിന്ദുവായിരിയ്ക്കുമോ മുസ്ലീമായിരിയ്ക്കുമോ? ഇതിലൊന്നിൽ പെടാതെ അതെങ്ങനെ ജീവിയ്ക്കും?“

“പിന്നെ നമ്മളെന്തു ചെയ്യും റഫീക്ക് ? നമ്മുടെ വീട്ടുകാർക്ക് നമ്മളെ വേണ്ടല്ലോ? ”

റഫീക്ക് ശബ്ദമില്ലാതെ ചിരിച്ചു: “ഇന്ദുവിന് തിരിച്ചു പോകാൻ തോന്നുന്നുണ്ടോ?”

“ഇല്ല റഫീക്ക്. എന്നെ വേണ്ടാത്തിടത്തേയ്ക്ക് ഞാനില്ല. റഫീക്കിനു പോകണമെങ്കിൽ പൊയ്ക്കൊള്ളൂ..”

റഫീക്ക് അവളുടെ കൈയിൽ പതിയെ തലോടി.

“ഇല്ല ഇന്ദു, നിന്നെ പാതി വഴിയിൽ തനിച്ചാക്കി ഞാനെങ്ങും പോകുന്നില്ല. നിനക്ക് ധൈര്യമുണ്ടോ എന്നോടൊപ്പം നിൽക്കാൻ?”

“എന്തു ചോദ്യമാണിത് റഫീക്ക്? ഞാൻ പിന്നെ ആരോടൊപ്പമാണ് നിൽക്കേണ്ടത്?”

“എന്നാൽ വരൂ..നമ്മൾ ഒന്നിച്ച് കൈപിടിച്ച് ഇതിലെയെല്ലാം നടക്കാം. എല്ലാവരും കാണട്ടെ.നീയാ കുങ്കുമം നെറ്റിയിൽ ചാർത്തൂ..നെറുകയിലും ചാർത്തിക്കൊള്ളൂ..“

അനന്തരം അവർ കൈകൾ ചേർത്തുപിടിച്ചു കൊണ്ട് വെളിയിലേയ്ക്കിറങ്ങി. റോഡിലൂടെ തലയുയർത്തി നടന്നു.അവൻ നിസ്കാരത്തൊപ്പി തലയിലണിഞ്ഞിരുന്നു. മുണ്ട് ഇടത്തോട്ടുടുത്തിരുന്നു. അവളുടെ നെറ്റിയിലും നെറുകയിലും കുങ്കുമം തിളങ്ങി നിന്നു. നേരിയ ഇരുട്ട് എല്ലായിടത്തും പരന്നിട്ടുണ്ട്. ഒരു കരിമൂർഖൻ അവരുടെ മുൻപിൽ കൂടി ഇഴഞ്ഞു പോയി. കൂമന്മാർ തലയ്ക്കു ചുറ്റും ചിറകടിച്ചു.

പെട്ടെന്ന് റോഡിന്റെ ഇരു വശത്തുമുള്ള കുറ്റിക്കാട്ടിൽ നിന്നും ഒരു കൂട്ടം ചെന്നായ്ക്കൾ അവരുടെ മേലെ ചാടി വീണു. രൂപവ്യത്യാസം ഉണ്ടെങ്കിലും അവയെല്ലാം ഒരേയിനത്തിൽ പെട്ടവയാണ്. അവറ്റകൾ റഫീക്കിന്റെയും ഇന്ദുലേഖയുടേയും ശരീരമാകെ കടിച്ചുകീറി. വേദനയിലും അവർ കെട്ടിപ്പുണർന്നു കിടന്നു. ആ ചെന്നായ്ക്കൾ അവരുടെ ഇളം മാംസം സ്വാദോടെ കടിച്ചു പറിച്ചു തിന്നു. ചെറുചൂടുള്ള ചോര ആവോളം നക്കിക്കുടിച്ചു.

അവസാനം രണ്ടസ്ഥിപഞ്ജരങ്ങൾ മാത്രം അവശേഷിച്ചു. ചുണ്ടിൽ പറ്റിയിരുന്ന അവസാന തുള്ളി ചോരയും നാവു നീട്ടി നക്കിയെടുത്തുകൊണ്ടവ കുറ്റിക്കാട്ടിലേയ്ക്കു തിരികെ പോയി. തെറിച്ചു വീണ ഏതാനും ചോരത്തുള്ളികൾ അവിടവിടെ വീണുകിടന്നു, ആ പ്രണയത്തിന്റെ ബാക്കി പത്രമായി.

Bijukumar Alakode

PDF By mullookkaaran@gmail.com